ഒരു പാലത്തിന്റെ ആവശ്യം.

563. **MRS. DEVAKI GOPIDAS** (*Kottayam I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ല്യു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കോട്ടയം-കുമരകംറോഡിൽ കോണത്താറിന്റെ മുകളിൽ ഒരു പാലം പണിയുന്നതിനു ഗവണ്മെന്റനുവാദം ഉണ്ടായിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നാണ് അങ്ങനെ അനുവാദം നൽകിയത്?

(സി) അതിലേക്ക് ആവശ്യമായ പണം ബഡ്ജറ്റുചെയ്ത് ഇൻജിനീയർ ഡിപ്പാർട്ട്മെന്റിലേക്ക് നൽകിയിട്ടുണ്ടോ?

(ഡി) പാലം പണിയുന്നതിനു കൺട്രാക്ടറു കൊടുത്തിട്ടുണ്ടോ?

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ എന്നാണു? ആർക്കാണ്?

(എഫ്) ഇത്രകാലത്തിനകം പണി തീർക്കുമെന്നു കൺട്രാക്ടറു വ്യവസ്ഥയുണ്ടോ?

(ജി) ടി പാലം ഇതേവരെ തീർന്നിട്ടില്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(എച്ച്) കുമരകത്തു നിന്നും കോട്ടയത്തിനുള്ള ദൂരമെത്രയാണെന്നും അതിൽകൂടി നിരവധി ബസ്സുകൾ സഞ്ചരിക്കുന്നതാണെന്നും ജനങ്ങൾക്കു പാലം തീരാത്തതുകൊണ്ടു വലുതായ സങ്കടവും അസൌകര്യവും ഉണ്ടെന്നും ഗവണ്മെന്ററിയാമോ?

(ഐ) ബസ്സുകളും കാറുകളും പലതും പ്രതിദിനം പാലത്തിനു കിഴക്കുവശം റോഡിൽ ഇട്ടിട്ടു ഈ പാലം തീരാത്തതിനാൽ ജനങ്ങൾ കാൽനടയായി കുമരകത്തേക്കു പോകേണ്ടിവരുന്നു എന്നു ഗവണ്മെന്ററിയാമോ?

(ജെ) ടി കോണത്താറിനു മുകളിൽകൂടി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പലകപ്പാലം ഏറ്റവും അപകടകരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നുള്ള വിവരം ഗവണ്മെന്റു മനസ്സിലാക്കീട്ടുണ്ടോ?

(കെ) പുതിയ പാലം എത്രയും വേഗം തീർത്തു ജനങ്ങളുടെ സങ്കടം തീർക്കുന്നതിനു വേണ്ട നിർദ്ദേശം ഗവണ്മെന്റിൽ നിന്നും നൽകുന്നതിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN :

(a) Yes.
(b) 1937
(c) Provision has been made as per requirements. There was a provision of Rs. 7,000/- in 1123.
(d) Yes.
(e) In 1937, to contractor Mr. K. Luke.
(f) Yes, before the 15th April 1938, but the work could not be completed due to change of design necessitated at the time of pile driving, and deficiency of cement and iron rods.
(g) Yes.
(h) Yes.
(i) Yes
(j) No; it is safe for pedestrian traffic.
(k) Balance works are being done and will be completed by next year.

MRS. DEVAKI GOPIDAS : ഇനിയെങ്കിലും ആളു വേശം പണിയുന്നതിന് ഗവണ്മെൻറ് ഏർപ്പാടു ചെയ്യുമോ?

HON'BLE MR. A. ATCHUTHAN : ഏർപ്പാടു ചെയ്യുന്നുണ്ട്".

Arabic Teachers.

564. MR. A. ABDUL RAZAK : Will the Honourable Minister for Education be pleased to state why Government have not provided for the training of Arabic teachers?

HON'BLE MR. T. M. VARGHESE : Arabic teachers who have got general qualifications are being selected for training. If they have general qualifications like E. S. L. C. and B. A., they will be taken up for training as candidates who have passed their B. A. or E. S. L. C. examinations. Otherwise, there is no provision.

Accounts of the Travancore University.

565. MR. K. A. MUHAMMED : Will the Honourable Minister for Education be pleased to state whether the accounts of the Travancore University have been regularly audited by the Account Office?

HON'BLE MR. T. M. VARGHESE : Yes.

പാട്ടവ്യവസ്ഥയിൽ കൃഷിക്കുകൊടുത്ത സ്ഥലം.

566. MR. MANKUZHI M. MADHAVAN *(Chirayinkil III—General)*: താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൻറെ ചാർജ്ജു വഹിക്കുന്ന ബഹുമനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly